ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. **DTETVM/7230/2024-EA2 (EA)** തീയതി: **05-11-2026**

പരിപത്രം

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് കൃത്യമായി രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം തീയതി:**19.02.2025**

ഈ വകുപ്പിന് കീഴിലുള്ള സ്പാർക് വഴി ശമ്പളം വാങ്ങുന്ന താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും **2025** മാർച്ച് **1** മുതൽ ആധാർ അധിഷ്ഠിത ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം **(AEBAS)** ആയ ഫേസ് പഞ്ചിംഗിലൂടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ് എന്ന് സൂചന പരിപത്രം പ്രകാരം അറിയിപ്പ് നൽകുകയും, ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ വകുപ്പിന് കീഴിലെ പല സ്ഥാപനങ്ങളിലും പ്രസ്തുത സംവിധാനം കൃത്യമായി ഉപയോഗപ്പെടുത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തത് സ്ഥാപന മേധാവികളിൽ നിന്നും ഉണ്ടാവുന്ന വ്യക്തമായ വീഴ്ചയായി കണക്കാക്കപ്പെടുന്നതാണ്.

മേൽ സാഹചര്യത്തിൽ എല്ലാ സ്ഥാപനങ്ങളിലും ഹാജർ രേഖപ്പെടുത്തുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം **(AEBAS)** ആയ ഫേസ് പഞ്ചിംങ് തന്നെ പ്രയോജനപ്പെടുത്തേണ്ടതും, സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും ഹാജർ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും **25** ആം തീയതിക്ക് മുൻപായി **eadtekerala@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതുമാണ് എന്ന് അറിയിക്കുന്നു.

സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബയോമെട്രിക് പഞ്ചിങ് വിശദാംശങ്ങൾ നോഡൽ ഓഫീസർ (സ്പാർക്ക്) പരിശോധിക്കേണ്ടതും, ആവശ്യമായ നിർദേശങ്ങൾ സ്ഥാപന മേധാവികൾക്ക് നൽകേണ്ടതുമാണ് എന്നും അറിയിക്കുന്നു.

Digitally signed by Jayaprakash P
Date: 05-11-2026 15:05:00

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. ശ്രീ.ബാബു ജോൺ ബി,നോഡൽ ഓഫീസർ (സ്പാർക്ക്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി